13/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 792(2)/2019**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14507**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. പ്രവീൺ നാരായണൻ,**
**കൂപ്പിൽ വീട്, ഏറം പി.ഒ.,**
**മുക്കുഴി, മലയാലപ്പുഴ,**
**പത്തനംതിട്ട, പിൻ – 689 664.** — **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
**അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ**
**കാര്യാലയം, പൊതുമരാമത്ത് നിരത്ത് വിഭാഗം,**
**പുനലൂർ.** — **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പ്രവീൺ നാരായണൻ, 24.08.2019ന് സമർപ്പിച്ച പരാതി ഹർജി 02.09.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.792(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഫീസ് ഒടുക്കി ചെലാൻ ഹാജരാക്കിയിട്ടും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 16.04.2019ന് എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 04.05.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടിയാൻ സമർപ്പിച്ച അപേക്ഷയിൽ അപേക്ഷാ ഫീസായ 10 രൂപയും കോർട്ടുഫീസ് സ്റ്റാമ്പും ഒട്ടിച്ചിട്ടില്ലെന്നും ആയതിൽ ഫീസായ 10 രൂപയുടെ സ്റ്റാമ്പ് പതിച്ച അപേക്ഷ സമർപ്പിക്കുവാൻ ഇതിനാൽ അറിയിക്കുന്നുവെന്നാണ്.

4. എതിർകക്ഷി 11.11.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 16.04.2019ന് ഹർജിക്കാരൻ രണ്ടു അപേക്ഷകൾ(1.പിടവൂർ-കമുകുംചേരിറോഡ് 2.പറങ്കിമാംമുക്ക്-ആവണീശ്വരം റോഡ്) സമർപ്പിച്ചിരുന്നുവെന്നും എന്നാൽ അപേക്ഷാ ഫീസ്(10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ്/ചെലാൻ) പതിച്ചിരുന്നില്ലെന്നുമാണ്. ടി വിവരം പരാതിക്കാരനെ എ2.92/2014(RTI) തീയതി 04.05.2019 പ്രകാരം അപേക്ഷാ ഫീസായ 10 രൂപയുടെ സ്റ്റാമ്പ് പതിച്ച അപേക്ഷ പുനർ സമർപ്പിക്കുവാൻ നിർദ്ദേശിച്ച് കത്ത് അയച്ചിരുന്നുവെന്നും എന്നാൽ ടിയാൻ പിന്നീട് യാതൊരു കത്തിടപാടും നടത്തിയിട്ടില്ലെന്നുമാണ്.

5. 12.12.2022 തീയതി കമ്മീഷൻ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയിൽ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ചിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. എന്നാൽ പരാതി ഹർജികളിൽ മറുപടിയോ രേഖകളോ യാതൊന്നും നൽകണമെന്നു നിയമപരമായി നിർദ്ദേശിയ്ക്കാൻ കഴിയുന്നതല്ല. ആകയാൽ ഈ പരാതി ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി